# മെത്രാപ്പോലീത്തായുടെ കത്ത്



**(ജൂലൈ 2016)**

**കർത്താവിൽ പ്രിയരേ,**

"മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ" എന്നു സങ്കീർത്തനക്കാരൻ പറഞ്ഞത് നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്ന സംഭവങ്ങളിലൂടെയാണ് വർത്തമാന കാലം കടന്നുപോകുന്നതും ചരിത്ര നിർമ്മിതി നടന്നുകൊണ്ടിരിക്കുന്നതും എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അത്രമാത്രം കോളും കൊടുങ്കാറ്റും അന്ധകാരവും ഇന്നത്തെ രാഷ്ട്രീയ, സാമൂഹ്യ, ആത്മീയ മണ്ഡലങ്ങളിൽ അരങ്ങേറിക്കൊണ്ടാണിരിക്കുന്നത്. ഐ.എസ്. ഭീകര പ്രസ്ഥാനത്തോടുള്ള അന്ധമായ പ്രതിബദ്ധതയിൽ രണ്ടു സഹോദരന്മാർ നേതൃത്വത്തിന്റെ നിർദ്ദേശ പ്രകാരം തങ്ങൾക്കു ജന്മമേകി, തങ്ങളെ മുലയൂട്ടി വളർത്തിയ സ്വന്തം മാതാവിനെയും അതോടൊപ്പം പിതാവിനെയും സഹോദരനെയും നിഷ്ഠൂരമായി വധിച്ച സംഭവം നരഭോജികളുടെ ഇടയിൽപ്പോലും കേട്ടുകേൾവിയില്ലാത്തതാണ് എന്ന വസ്തുതയ്ക്കു മുന്നിൽ മാനവികത ലജ്ജിച്ചു തലതാഴ്ത്തേണ്ടി വന്നിരിക്കുന്നു. സിറിയയിൽ നൂറിൽപ്പരം വർഷങ്ങൾക്കു മുമ്പ് 1915–ൽ നടന്ന നരഹത്യയ്ക്കു ഇരയായവരെ അനുസ്മരിച്ചുകൊണ്ടുള്ള മതപരമായ ചടങ്ങിൽ നേതൃത്വം വഹിച്ച പരിശുദ്ധ അന്ത്യോക്യാ ശ്ലൈഹിക സിംഹാസനത്തിന്റെ മോറോൻ മാർ ഇഗ്നാത്തിയോസ് അപ്രേം തിരുമേനിയെ ലക്ഷ്യം വെച്ചുകൊണ്ട് ഒരു മനുഷ്യബോംബ് പൊട്ടിത്തെറിച്ച് തിരുമേനിയുടെ 3 അംഗരക്ഷകർ മരണപ്പെട്ടതും കാലഘട്ടത്തിന്റെ ചുവരുകളിൽ രക്തലിപികളാൽ എഴുതപ്പെട്ട ദുരന്തവാർത്തയാണ്. ആദിമ നൂറ്റാണ്ടുകളിൽ ക്രൈസ്തവ സഭ പീഡനങ്ങൾക്കു ഇരയായിക്കൊണ്ടിരുന്ന കാലത്ത് ചില മതവിശ്വാസക്കാരുടെ ഇടയിൽ പ്രചരിച്ച ഒരു ദുരുപദേശമായിരുന്നു സ്വന്തം മതത്തിനു വേണ്ടി ഭൂമിയിൽ രക്തസാക്ഷികളാകുന്നവർക്കു സ്വർഗ്ഗം കിട്ടുമെന്നുള്ളത്. ഇത്തരം മൂഢവിശ്വാസങ്ങളിൽപ്പെട്ട് ജീവിതം ഹോമിച്ച് രക്തസാക്ഷികളായിത്തീർന്ന മതഭ്രാന്തന്മാർ അന്നു ധാരാളമുണ്ടായിരുന്നു. ലോകം പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്ന ഇക്കാലത്തും ഇത്തരം അന്ധവിശ്വാസങ്ങളുടെ തിരിച്ചുവരവ് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് നാം ഗൗരവമായി കാണേണ്ട ഒരു യാഥാർത്ഥ്യമാണ്. ജീവനും വിശുദ്ധിയുമുള്ള ദൈവത്തിന്റെ മന്ദിരങ്ങളായിത്തീരേണ്ട മനുഷ്യ ശരീരത്തെ മനുഷ്യബോംബാക്കി രൂപപ്പെടുത്തി തനിക്കുതന്നെ നാശവും അപരനു നാശവും വരുത്തിവെയ്ക്കുന്ന വർഗീയ ഭീകരവാദികൾ ചരിത്രത്തിൽ എക്കാലവും രൂപപ്പെട്ടിട്ടുള്ളത് ദുരുപദേശങ്ങൾ ലഹരിമരുന്നു പോലെ കുത്തിനിറയ്ക്കുന്ന മസ്തിഷ്ക പ്രക്ഷാളന (Brain Washing) ത്തിലൂടെയാണ്. ഇസ്രായേല്യ സൈന്യവ്യൂഹത്തിന്റെ സൈനിക യുദ്ധോപകരണങ്ങൾക്കും കവചിത വാഹനങ്ങൾക്കും നേരെ കല്ലെറിയുന്നതും ഗോല്യാത്തിനെ കല്ലെറിഞ്ഞു വീഴ്ത്തിയ ദാവീദിന്റെ സ്മരണയെ അനുസ്മരിച്ചുകൊണ്ടാണ്. വിശ്വമാനവികതയെ അപായപ്പെടുത്തുന്ന ഇത്തരം പ്രവണതകൾക്കെതിരെ ലോകമന:സാക്ഷി ഉണരേണ്ടിയിരിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ ഭരണകൂടം ചുമതലയേറ്റിട്ട് ഒരു മാസം പിന്നിടുന്നു. ഇലക്ഷൻ കാലഘട്ടത്തിലും അതിനുശേഷവും നടന്നതും നടക്കുന്നതുമായ ലജ്ജാകരമായ രാഷ്ട്രീയ സംഘട്ടനങ്ങളും അക്രമങ്ങളും പൊതുസമൂഹത്തിൽ സൃഷ്ടിക്കുന്ന ആശങ്കകൾ കണ്ടില്ലെന്നു നടിക്കുന്നതു ശരിയല്ല. 'എല്ലാം ശരിയാക്കും" എന്ന മുദ്രാവാക്യത്തിന്റെ അർത്ഥം പൊതുസമൂഹത്തിനു അനുഭവവേദ്യമായിത്തീരേണ്ടത് മുദ്രാവാക്യം വിളിയിലൂടെയും നയപ്രഖ്യാപനങ്ങളിലൂടെയുമല്ല അനുദിന ജീവിതയാഥാർത്ഥ്യങ്ങളിലൂടെയാണ്. കർണ്ണാടകത്തിൽ ചില പെൺകുട്ടികൾ നടത്തിയ റാഗിംഗ് എന്ന മൃഗീയ സംഭവം മലയാളിസമൂഹത്തിനു മുഴുവൻ വരുത്തിവെച്ച അപമാനം ചെറുതല്ല. നാം വിദ്യാഭ്യാസം നേടേണ്ടത് മനുഷ്യരായി വളരാനാണ്, മൃഗങ്ങളേക്കാൾ താണ അവസ്ഥയിലേക്കു വീണുപോകാനല്ല എന്നു എല്ലാവരും ഓർക്കണം. ജിഷാ വധത്തോടനുബന്ധിച്ച് അന്വേഷണത്തിനു പുരോഗതി വന്നിട്ടുണ്ടെങ്കിലും ഉത്തരങ്ങളിൽ നിന്നുതന്നെ വീണ്ടും ചോദ്യങ്ങൾ ഉദിച്ചുയരുന്ന സ്ഥിതി വിശേഷമാണ് ഇപ്പോഴുള്ളത്. ഏതിലും രാഷ്ട്രീയം കുത്തിക്കയറ്റി രാഷ്ട്രീയ പകപോക്കലുകൾക്ക് ഇടം കണ്ടെത്തുന്ന ശൈലി ഒരു പ്രശ്നത്തിനും പരിഹാരം കാണുന്നതിനു സഹായകരമല്ല എന്നോർക്കണം. ശരിയായ രീതിയിലും ദിശയിലും അന്വേഷണം മുമ്പോട്ടു പോയി സത്യം വെളിപ്പെടുത്തി കിട്ടേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

പുതിയ വിദ്യാലയ വർഷം പിറവിയെടുത്തു. പതിവുപോലെ മഴത്തുള്ളികൾ ഉയരങ്ങളിൽ നിന്നെത്തി നമ്മുടെ കുഞ്ഞുങ്ങൾക്ക് സ്കൂളുകളിലേക്ക് പ്രവേശനോത്സവം ഒരുക്കിത്തന്നു. പുതിയ പഠനോപകരണങ്ങൾ പിടിച്ച കരങ്ങളും ജിജ്ഞാസയുടെ കൗതുകങ്ങൾ നിറച്ച കണ്ണുകളുമായി ആദ്യാക്ഷരം കുറിക്കുന്ന കുട്ടികളും സ്കൂളുകളിലെത്തി. കുട്ടികൾ സ്കൂളുകളിൽ അറിവിന്റെ ലോകത്തിലേക്കു പ്രവേശിക്കുക മാത്രമല്ല, ഒരു സാമൂഹ്യ ജീവിതത്തിന്റെ ബാലപാഠങ്ങൾ അഭ്യസിക്കുക കൂടിയാണു ചെയ്യുന്നത്. അമ്മയുടെ മടിത്തട്ടിൽ നിന്നിറങ്ങി സ്കൂളുകളിലേക്കു നടന്നുനീങ്ങുന്ന കുട്ടികൾ പുതിയ കൂട്ടുകാരെ കണ്ടെത്തി സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പുതിയ പാഠങ്ങൾ പഠിക്കുകയാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെയാണ് ഈ സ്നേഹവും സഹകരണവും വളർന്നുവരേണ്ടത്. പുതിയ അദ്ധ്യയനവർഷം അതിനു സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. 12–ാം ക്ലാസ് കഴിയുമ്പോഴേക്കും ഒരു ജീവിതരംഗം തെരഞ്ഞെടുക്കേണ്ട ഘട്ടം വരും. അപ്പോ

ഴേക്കും ദിശാബോധം കൈവരണമെങ്കിൽ അതിനു മുമ്പുള്ള കാലഘട്ടം യേശു വളർന്നതുപോലെ ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും ജ്ഞാനത്തിലും വളർന്നുവരണം. നമ്മുടെ വിദ്യാഭ്യാസം ഇക്കാര്യത്തിൽ സൽപ്രേരണകൾ നൽകട്ടെ എന്നാശംസിക്കുന്നു.

നവതിയുടെ നിറവിലായിരിക്കുന്ന നമ്മുടെ വൈദിക സെമിനാരിയിൽ ഈ വർഷം പഠനം കഴിഞ്ഞ് പുറത്തിറങ്ങിയവരിൽ 2 പേർക്ക് ഫസ്റ്റ് ക്ലാസും ബാക്കിയെല്ലാവർക്കും തന്നെ ഹൈ സെക്കന്റ് ക്ലാസും സെക്കന്റ് ക്ലാസും ലഭിച്ചു എന്നത് അഭിമാനകരമത്രെ. 100% വിജയം കരസ്ഥമാക്കിയ സെമിനാരിയെ പ്രത്യേകം അഭിനന്ദിക്കുന്നു. പല സെമിനാരികളിൽ നിന്നായി പഠനം പൂർത്തീകരിച്ചവർ ഈ മാസം ശെമ്മാശ് സ്ഥാനത്തേക്കും തുടർന്ന് കശ്ശീശാ സ്ഥാനത്തേക്കും പ്രവേശിച്ച് ആഗസ്റ്റ് മാസത്തോടുകൂടി സഭ നിയോഗിക്കുന്ന ഇടങ്ങളിലേക്ക് ശുശ്രൂഷയിൽ പ്രവേശിക്കുകയാണ്. പുതിയ പട്ടക്കാരുടെ ശുശ്രൂഷകൾ സഭയ്ക്കും സമൂഹത്തിനും ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ അനുഗ്രഹകരമായിത്തീരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. സഭാ ശുശ്രൂഷയ്ക്കായി തങ്ങളുടെ മക്കളെ നൽകിയ മാതാപിതാക്കളെയോർത്തും പരിശീലിപ്പിച്ച ഇടവകകളെയോർത്തും ദൈവത്തിനു സ്തോത്രം കരേറ്റുന്നു.

എക്യുമെനിക്കൽ മേഖലയിൽ നമ്മുടെ പങ്കാളിത്തം ഫലകരമായിത്തന്നെ നിലനിർത്താൻ നമുക്കു സാധിച്ചു. NCCI യിലെന്നതുപോലെ KCC യിലും നമ്മുടെ 15 പ്രതിനിധികൾ പങ്കെടുക്കുന്നു. KCC യിലെ യൂത്ത് അസംബ്ലിയിൽ 10 പ്രതിനിധികൾ പങ്കെടുത്തു. WCC യുടെ ഓയിക്കോസ് ക്രെഡിറ്റ് എന്ന എക്ലോഫ് പോലുള്ള ലോൺ ഫണ്ടിന്റെ വാർഷിക യോഗത്തിലേക്കുള്ള ക്ഷണം ലഭിച്ചുവെങ്കിലും അവിടെ പോകുന്നതിനു സമയം കണ്ടെത്താൻ സാധിക്കാതെ വന്നതിനാൽ നെതർലണ്ടിൽ വെച്ചുനടന്ന സമ്മേളനത്തിൽ നമ്മുടെ പ്രതിനിധിയായി ഐർലണ്ടിൽ പഠനം പൂർത്തിയാക്കിയ റവ. ജെയിംസൺ കെ. അച്ചനെ നിയോഗിക്കുകയും അച്ചൻ ആ യോഗത്തിൽ പങ്കെടുക്കുകയും ഹൃദ്യമായ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ലോക ആംഗ്ലിക്കൻ കമ്മ്യൂണിയന്റെ ലാംബത്ത് കോൺഫ്രൻസ് തീരുമാനങ്ങളെക്കുറിച്ച് അവലോകനം നടത്തുന്ന കൺസൾട്ടേറ്റീവ് കൗൺസിലിൽ പങ്കെടുക്കുന്നതിന് ക്ഷണം ലഭിച്ചെങ്കിലും സമയ പരിധിമൂലം പോകുവാൻ സാധിച്ചില്ല. ഇന്ത്യയിലെ എക്ലോഫ് ഇന്ത്യ എന്ന സംഘടന പുനരുദ്ധരിക്കുന്നതിന് നേതൃത്വം നൽകുവാൻ ആഗ്രഹിക്കുന്നു. ആ സംഘടനയുടെ ഡയറക്ടേഴ്സായി ഉണ്ടായിരുന്നവരിൽ നാം ഒഴികെ ബാക്കി എല്ലാവരും കർത്തൃസന്നിധിയിലേക്ക് മടങ്ങിപ്പോയി. എക്ലോഫിൽ അംഗങ്ങളായിരുന്ന സഭാമേലദ്ധ്യക്ഷന്മാരെ വിളിച്ചുകൂട്ടി ആ സംഘടന പുനരുജ്ജീവിപ്പിക്കുന്നതിനായി ആഗസ്റ്റ് മാസത്തിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ ആഗ്രഹിക്കുന്നു.

നിമാപ്പൂരിൽ (ആസാം) വെച്ച് ഇന്ത്യൻ ബൈബിൾ സൊസൈറ്റിയുടെ ഒരു സുപ്രധാനയോഗം ഈ മാസാവസാനം നടക്കുകയാണ്. കഴിഞ്ഞവർഷം ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പങ്കാളിത്തം എല്ലാ സഭകളിൽ നിന്നു ലഭിച്ചു എന്നത് ചാരിതാർത്ഥ്യജനകമായ ഒരു വസ്തുതയാണ്. ഇപ്പോൾ ബൈബിൾ സൊസൈറ്റിയുടെ കേരള ഓക്സിലറി സെക്രട്ടറിയായി പ്രവർത്തിക്കുന്നത് നമ്മുടെ പട്ടക്കാരനായ റവ. മാത്യു സ്കറിയാ അച്ചനാണല്ലോ. ദൈവവചനത്തിന്റെ വിത്തു വിതയ്ക്കുന്ന പ്രക്രിയയിൽ ബൈബിൾ വിതരണത്തിലൂടെ മഹനീയ ശുശ്രൂഷ നിർവ്വഹിക്കുന്ന ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെയോർത്ത് പ്രത്യേകം പ്രാർത്ഥിക്കണം എന്നു ഓർമ്മിപ്പിക്കുന്നു.

CSI, CNI, മാർത്തോമ്മാ സഭകളുടെ ഐക്യവേദിയായ CCI യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ബിഷപ്സ് കോൺഫ്രൻസും സിംലായിലെ സെന്റ് തോമസ് സ്കൂളിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. സിംലയിലെ സെന്റ് തോമസ് ചർച്ചിലും ക്രൈസ്റ്റ് ചർച്ചിലുമായിട്ട് നടന്ന സമ്മേളനങ്ങൾ വളരെ ഹൃദ്യതയുള്ളതായിരുന്നു. ഇന്ത്യയിലെ പ്രഗത്ഭനായ മിഷനറിയും നമ്മുടെ മാരാമൺ കൺവൻഷനിൽ വന്ന് ദൈവവചനം തീക്ഷ്ണതയോടെ പങ്കുവെച്ച സുവിശേഷപ്രസംഗകനുമായ സാധു സുന്ദർസിംഗിനെ 1905 ൽ സ്നാനപ്പെടുത്തിയതിന്റെ രേഖകൾ സെന്റ് തോമസ് ചർച്ചിലെ മാമോദീസാ രജിസ്റ്ററിൽ കാണുവാൻ കഴിഞ്ഞത് അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു. അദ്ദേഹം അംഗമായിരുന്ന സെന്റ് തോമസ് പള്ളിയിലെ ആരാധനയിലും പങ്കെടുക്കുവാൻ സാധിച്ചത് കോൺഫ്രൻസിൽ പങ്കെടുക്കാൻ എത്തിയവർക്കെല്ലാം ഏറെ സന്തോഷകരമായിരുന്നു. ഭാരതത്തിലെ സുവിശേഷവേലയ്ക്കായി സാധു സുന്ദർസിംഗ് ചെയ്ത സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

കുറിയന്നൂർ സെന്റ് തോമസ് ഇടവകയിലെ റവ. ജോൺ മാത്യു (68), കീഴ്‌വായ്പൂർ സെന്റ് തോമസ് ഇടവകയിലെ റവ. പി.വി. ജോർജ്ജ് (84), പത്തനംതിട്ട മാർത്തോമ്മാ ഇടവകയിലെ റവ. സി.പി. വർഗീസ് (67), മുളക്കുഴ സെന്റ് തോമസ് ഇടവകയിലെ റവ. പി.വി. തോമസ് (83) എന്നീ വൈദികർ അടുത്ത സമയത്തായി നിത്യസ്വസ്ഥതയിലേക്ക് പ്രവേശിച്ചു. വിവിധ ഇടവകകളിലും സ്ഥാനങ്ങളിലും സഭ ഏൽപിച്ച എല്ലാ ശുശ്രൂഷകളും ശ്രേഷ്ഠമായ നിലയിൽ നിർവ്വഹിച്ച ബഹുമാന്യരായ ഈ പട്ടക്കാരിലൂടെ സഭയ്ക്കു ലഭിച്ച എല്ലാ ശുശ്രൂഷകളെയും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ സഭയിലെ ഒരു സീനിയർ പട്ടക്കാരനായ റവ. ടി. തോമസച്ചന്റെ സഹധർമ്മിണിയും നമ്മുടെ ബഹുമാനപ്പെട്ട ജലവിഭവ മന്ത്രി അഡ്വ. മാത്യു ടി. തോമസിന്റെ മാതാവുമായ അന്നമ്മ തോമസ് (കുഞ്ഞന്നാമ്മ – 85) നിര്യാതയായി. പ്രൈമറി, മിഡിൽ സ്കൂൾ ക്ലാസുകളിൽ ഞങ്ങൾ സഹപാഠികളായിരുന്നു എന്നത് അനുസ്മരിക്കുന്നു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന സന്തപ്ത കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

ജൂൺ 29-ാം തീയതി ശ്ലീഹാനോമ്പുവീടലോടുകൂടിയാണ് ജൂലൈ മാസത്തിലെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുന്നത്. 1957 ജൂൺ 29-ാം തീയതിയാണ് സഭയിലെ ശെമ്മാശ് സ്ഥാനത്തേയ്ക്ക് കാലം ചെയ്ത മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനി നമ്മെ കരം പിടിച്ച് ഉയർത്തിയത്. ആ സന്ദർഭം ഹൃദ്യതയോടുകൂടി അനുസ്മരിക്കുന്നു. നമ്മുടെ ജ്ഞാനപിതാവായിരുന്ന പരേതനായ പാലക്കുന്നത്ത് പി.എം. മത്തായി കത്തനാരും പരേതനായ കലമണ്ണിൽ കെ.ഇ. ഉമ്മനച്ചനും തൽസമയം ആ ശുശ്രൂഷയിൽ സന്നിഹിതരായിരുന്നത് വളരെ ധന്യമായ ഒരു അനുഭവമായി

സ്മരിക്കുന്നു. ജൂൺ മാസം 29-ാം തീയതി സഭാ ശുശ്രൂഷയിലേക്ക് പ്രവേശിച്ചതിന്റെ 60-ാം സംവത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ആയതിന് 2 ദിവസം മുമ്പ് ജൂൺ 27-ാം തീയതി വലിയവനായ ദൈവം ദാനമായി ലഭ്യമാക്കിയ 86-ാം സംവത്സരത്തിലേക്ക് പ്രവേശിക്കുകയാണ്. ഇന്നയോളം അനേകരുടെ പ്രാർത്ഥന ശരീരത്തിലും മനസിലും ആത്മാവിലും ബലപ്പെടുത്തിയതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ജൂലൈ ആദ്യ ഞായറാഴ്ച വിശുദ്ധ തോമാശ്ലീഹാ ദിനമായി നാം ആചരിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യ സമൂഹത്തിന് പ്രത്യക്ഷപ്പെട്ടപ്പോൾ ആ സന്ദർഭത്തിൽ സന്നിഹിതനല്ലാതിരുന്ന തോമാസ്ലീഹാ തനിക്ക് നേരിൽ കണ്ട് ഉറപ്പ് ലഭിക്കാതെ വിശ്വാസത്തിലേക്ക് വരാൻ സാധിക്കുകയില്ല എന്നാണ് വാശിപിടിച്ചത്. എന്നാൽ തോമാസിന്റേത് ഒരു അവിശ്വാസ പ്രഖ്യാപനം അല്ലായിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിൽ തനിക്കുള്ള വിശ്വാസത്തെ കൂടുതൽ ഉറപ്പാക്കുവാനുള്ള ഉദ്ദേശ്യശുദ്ധിയോടുകൂടിയുള്ള തീക്ഷ്ണതയുടെ പ്രഖ്യാപനമായിരുന്നു അത്. തോമാസ് ശിഷ്യ കൂട്ടത്തിലേക്ക് കടന്നുവന്ന സന്ദർഭത്തിൽ കർത്താവ് പ്രത്യക്ഷപ്പെടുകയും തോമാസ് ആവശ്യപ്പെട്ട തെളിവുകൾ അനുഭവവേദ്യമാക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എന്നാൽ "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ" എന്ന സംബോധനയിലൂടെ ചരിത്രപ്രസിദ്ധമായ ആ വിശ്വാസ പ്രഖ്യാപനം തോമാസ് നടത്തി. എന്നു മാത്രമല്ല ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സുവിശേഷവുമായി നമ്മുടെ ഭാരതഭൂമിയിലേക്ക് കടന്നു വരികയും ചെയ്തു. തോമാസിന് വിശ്വാസം എന്നത് മണലിന്മേൽ പണിത വെറും കൂടാരമായിരുന്നില്ല, മറിച്ച് പാറമേൽ പണിത ഉറപ്പുള്ള വീടായിരുന്നു. ഈ സാക്ഷ്യമാണ് നമുക്കിന്ന് സമൂഹത്തിൽ നിറവേറ്റുവാനുള്ളത്.

ജൂലൈ 10-ാം തീയതി ഞായറാഴ്ച വിശ്വാസികളെ രൂപപ്പെടുത്തുന്ന ദൈവശാസ്ത്ര അഭ്യസനം എന്ന വിഷയമാണ് സഭയായി ചിന്തിക്കുന്നത്. ദൈവശാസ്ത്രം വിശ്വാസ സമൂഹത്തെ വിശ്വാസത്തിൽ വളരുന്നതിന് പ്രേരിപ്പിക്കുന്നതായി തീരുമ്പോൾ മാത്രമെ അതൊരു ദൈവശാസ്ത്രമായി തീരുകയുള്ളൂ. ദൈവശാസ്ത്ര അഭ്യസനത്തിലൂടെ പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നവർ ക്രിസ്തുവിന് ഒരു സൗരഭ്യവാസനയായി തീരണമെന്ന ചിന്തയാണ് ജൂലൈ 17-ാം തീയതി ഞായറാഴ്ച നാം ചിന്തിക്കുന്നത്. ക്രിസ്തുവാണ് ശ്രേഷ്ഠ പുരോഹിതൻ. യാഗപീഠവും യാഗവസ്തുവും യാഗമനുഷ്ഠിക്കുന്നവനും ഒന്നായി തീരുന്ന അനുഭവമാണ് ക്രിസ്തുവിലൂടെ ലോകം ദർശിച്ചത്. ഒരു പട്ടക്കാരൻ ദൈവത്തിന്റെ അഭിഷിക്തനായി സഭയിൽ ശുശ്രൂഷ നിർവഹിക്കുമ്പോൾ ആ ശുശ്രൂഷയുടെ സൗരഭ്യം താൻ പ്രവർത്തിക്കുന്ന ഇടങ്ങളിൽ എല്ലാവർക്കുമായി പകരുമ്പോഴാണ് പട്ടക്കാരൻ ക്രിസ്തുവിന്റെ ശരിയായ സൗരഭ്യവാസനയായി രൂപാന്തരം പ്രാപിക്കുന്നത്. ജൂലൈ 24-ാം തീയതി ഞായറാഴ്ച 'വിശുദ്ധ വിവാഹം: സ്നേഹത്തിൽ നിലനിർത്തേണ്ട ജീവിതം' എന്ന ചിന്തയെ കേന്ദ്രീകരിച്ചാണ് നാം ധ്യാനിക്കുന്നത്. കുടുംബജീവിതം എന്നത് യാഥാർത്ഥ്യമായിതീരുന്നത് 2 പേർ വിവാഹിതരായി അവർ ക്രിസ്തുവിൽ ഒരുമിച്ച് വസിക്കുകയും ഒരുമിച്ച് വളരുകയും ചെയ്യുമ്പോഴാണ്. ചിലർ സ്നേഹിച്ചു വിവാഹം കഴിക്കും. വിവാഹം കഴിയുന്നതോടുകൂടി സ്നേഹം അവസാനിക്കും. എന്നാൽ വിവാഹജീവിതത്തിലൂടെ ഒന്നായിത്തീരുന്നവർ ക്രിസ്തുവിന്റെ സ്നേഹം ഉൾക്കൊണ്ട് ഒരിക്കലും മുറിഞ്ഞുപോകാത്ത സ്നേഹബന്ധത്തിൽ നിത്യവും വളരുന്നവരായിത്തീരണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. കുഞ്ഞുങ്ങൾ ദൈവം നല്കുന്ന താലന്തുകളാണ്. ആ താലന്തുകൾ വേണ്ടന്ന് വയ്ക്കുവാനോ അവരെ അവഗണിക്കുവാനോ പാടുള്ളതല്ല. ഭവനമാണ് ആദ്യത്തെ ദൈവാലയമായി രൂപപ്പെടുന്നത്. ആ ദൈവാലയത്തിൽ കുഞ്ഞുങ്ങൾ ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വന്നാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയാകുന്ന വലിയ ദൈവാലയത്തിലേക്ക് പ്രവേശിക്കുന്നത്. ഇന്ന് കുടുംബജീവിതം മലിനപ്പെടുത്തുന്നതായ സ്വവർഗ്ഗ വിവാഹം, സ്വവർഗ്ഗ രതി തുടങ്ങിയ ദുഷ്പ്രേരണകൾ പല ഇടങ്ങളിലും ദേശങ്ങളിലും കടന്നു വന്ന് സ്വാധീനം ചെലുത്താൻ ശ്രമിക്കുകയാണ്. ചില രാജ്യങ്ങളിൽ ഭരണകൂടങ്ങൾ പോലും അതിന് പിന്തുണ നല്കുന്ന അവസ്ഥാവിശേഷം വന്നുചേർന്നിട്ടുണ്ട്. ഇത്തരം ദുഷ്പ്രേരണകൾക്കെതിരെ ജാഗ്രത പുലർത്തേണ്ടത് സഭയുടെ ധർമ്മമാണ്. 'വിശുദ്ധ മാമ്മോദീസാ: ഉയരത്തിൽ നിന്നുള്ള ജനനം' എന്ന ചിന്തയാണ് ജൂലൈ 31-ാം തീയതി ഞായറാഴ്ച നാം ധ്യാനിക്കുന്നത്. കുഞ്ഞുങ്ങൾ വിശുദ്ധ മാമോദീസായിലൂടെ സഭയുടെ അംഗത്വത്തിലേക്കാണ് പ്രവേശിക്കുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ഒരുവൻ ക്രിസ്തുവിലാകുമ്പോൾ അവൻ പുതിയ സൃഷ്ടിയാകുന്നത് വീണ്ടും ജനനത്തിന്റെ അനുഭവത്തിലാണ്. വിശുദ്ധ മാമോദീസായിലൂടെ വിശുദ്ധമായ ഈ അനുഭവത്തിലേക്കാണ് ഓരോ കുഞ്ഞും പ്രവേശിക്കുന്നത്. അവരെ ക്രിസ്തീയ വിശ്വാസത്തിലും സാക്ഷ്യത്തിലും മൂല്യങ്ങളിലും വളർത്തിയെടുക്കുവാനുള്ള വലിയ ഉത്തരവാദിത്വം ഭവനത്തിനും സഭയ്ക്കുമുണ്ട്. ഈ ചിന്ത നമ്മെ എപ്പോഴും ഭരിക്കട്ടെ.

ഹർക്കലിയാക്കാരനായ മാർത്തോമ്മാ എപ്പിസ്കോപ്പായുടെ കുർബ്ബാന തക്സായിൽ വളരെ ഹൃദ്യമായ ഒരു പ്രാർത്ഥനയുണ്ട്. "കർത്താവേ നിന്റെ വിശുദ്ധ സഭയെ ഭരിക്കുകയും നിന്റെ ഏകജാതന്റെ സുവിശേഷമാകുന്ന സന്തോഷകരമായ നീർച്ചാലിങ്കൽ അതിലെ ആട്ടിൻകൂട്ടത്തെ ഉത്സാഹപൂർവ്വം മേയിച്ച് നയിക്കുകയും ചെയ്യുന്നവർക്ക് നിന്റെ സഹായത്തെ നീ വർദ്ധിപ്പിച്ചു കൊടുക്കേണമെ." അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ കുർബ്ബാനക്രമത്തിലെ രണ്ടാമത്തെ റൂശ്മായ്ക്കു ശേഷമുള്ള തുബദേൻ പ്രാർത്ഥന ആലോചനാമൃതമാണ്. ദൈവത്തിന്റെ മഹത്വം സർവ്വസൃഷ്ടികളിലും ദർശിച്ചുകൊണ്ടുള്ള ആ പ്രാർത്ഥന ഇപ്രകാരമാണ്. "സർവ്വ സൃഷ്ടികളിന്മേലും അധികാരമുള്ള ദൈവവും സർവ്വ ലോകങ്ങളുടെയും അധിപനും വാനസേനകളുടെ നാഥനുമായുള്ളോവെ, സകല സൃഷ്ടികളും നിന്റെ സ്തുതിയെ കീർത്തിക്കുന്നു. നീ ഞങ്ങൾക്ക് വീണ്ടെടുപ്പുകാരനായിരിക്കേണമെ." ഈ പ്രാർത്ഥനകൾ നമ്മുടെ അനുദിന ജീവിത പ്രാർത്ഥനയും അനുദിന ജീവിതാനുഭവവും ആയിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയതും അവൻ മുഖാന്തിരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ." (കൊലോ. 3:17)*

പുലാത്തീൻ,
27-06-2016

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**